LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി&സി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (KSTP), റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ഓഫ് കേരള ലിമിറ്റഡ് (RICK) എന്നീ സ്ഥാപനങ്ങളാണ് റോഡ് വികസനത്തിനും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും ഉദ്ദേശിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിലുള്ള സ്ഥാപനങ്ങൾ. എന്നാൽ നിലവിലുള്ള റോഡ് നിർമ്മാണം, നവീകരണ, പരിപാലന സംവിധാനങ്ങൾക്കുപുറമെ 2009-ലെ കരട് റോഡ് വികസന നയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഫണ്ടിനു പുറമെ മറ്റ് ധനാഗമ മാർഗ്ഗങ്ങളിലൂടെ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനെക്കുറിച്ച് പഠനം നടത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സ്ട്രാറ്റജിക് റോഡു നെറ്റ്വർക്ക് പ്രോഗ്രാം നടത്താൻ കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നതേയുള്ളൂ.

മലയോര ഹൈവേ

258 (1292) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റിൽ പ്രഖ്യാപിച്ച മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിനായി ബജറ്റിൽ പ്രഖ്യാപിച്ച തുക എത്രയായിരുന്നു ; ഇതിനകം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1. പാലക്കാട് ജില്ലയിലെ ഒലിപ്പാറ-പൊൻപാറ-കോട്ടപ്പള്ള മുണ്ടൻകുന്ന്-കാഷ്യപറമ്പ്-അമ്പലപ്പാറ, തിരുവിഴാംകുന്ന്, കോട്ടപ്പാടം എന്നീ റോഡുകളിൽ (കി.മീ.0/000) മുതൽ 21/500 വരെ) ബി.എം. & ബി.സി. പ്രവൃത്തിയുടെ ദർഘാസ് അംഗീകാരത്തിനായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം നൽകുന്നകാര്യം പരിശോധിച്ചുവരുന്നു.

2. കണ്ണൂർ ജില്ലയിലെ ഹിൽ ഹൈവേ ക്രമൻതോടുമുതൽ ആറളംവരെ രണ്ടാംഘട്ടം (64/620 മുതൽ 71/690 വരെ പള്ളിത്തോട്-കരിക്കോട്ടക്കരി) പ്രവൃത്തി പൂർത്തീകരിച്ചു.

3. കണ്ണൂർ ജില്ലയിലെ ഹിൽ ഹൈവേ കരിക്കോട്ടക്കരി-ഏടൂർ-ആറളം-പാലപ്പുഴ-മണത്തണ മൂന്നാം ഘട്ടം പണിയുടെ (71/690 മുതൽ 90/315 വരെ) എഗ്രിമെന്റ് വയ്ക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 61 കോടി രൂപയാണ് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 7,17,79,030 രൂപ ചെലവഴിച്ചു. (ഏഴ് കോടി പതിനേഴ് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി മുപ്പത് രൂപ മാത്രം).

കതിര മുനമ്പ്, കളത്തൂൽ പാലങ്ങളുടെ നിർമ്മാണം

259 (1293) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കതിര മുനമ്പ്, കളത്തൂൽ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇവയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ ; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly